# St. Peter's Jacobite Syrian Orthodox Church


**Under the Holy Apostolic See of Antioch & All the East**
(Reg. No: SG-394/78 & 700000-01)



# January, 2011 വിശേഷദിവസങ്ങൾ

ജനുവരി 6 = ദനഹാപെരുന്നാൾ

ജനുവരി 26 = പരി. പൗലോസ് മാർ അത്താനാസിയോസ് വലിയ തിരുമേനി (ആലുവ).



*പരിശുദ്ധനായ തിരുമേനി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ*



## FAREWELL MESSAGE

***"Do unto others as you want others to do unto you"****: Mathew 7.12*

Dear **Brethren**,

At the outset, we wish you and your dear ones "**A MERRY X'MAS & A HAPPY AND PROSPEROUS NEW YEAR 2011**".

It is now our turn to say "thank you" to you for the unstinted support and assistance extended to us in managing well the affairs of our church during 2010. As members of the Managing Committee, we relinquish our responsibility with the satisfaction that we have been able to live up-to your expectation in carrying out the responsibility and trust which you had very kindly bestowed on us at the beginning of the year. We are very pleased to report to you that with your assistance we have been able to achieve progress and steady growth in all areas of activities of our Church. The managing committee and you as church members have displayed remarkable resolve to walk together hand-in-hand, supporting one another in a spirit of co-operation, which was the root cause of success of all our programmes undertaken during the year.

We had always believed that members of the Managing Committee were mere facilitators joined together in the services to God and to the Church, and that the real stars were the members of our Church. This approach assisted us in successfully undertaking quite many innovative and fresh projects/events in our Church during the year on an "all-inclusive" basis. It also helped us, to a considerable extent, in further cementing and strengthening the bond and unity among our members. An atmosphere of mutual trust and togetherness now prevail within our Church. Our Metropolitan warmly appreciated and commented very positively on the current fellow-ship and peaceful mind-set of our members. We only hope and pray that this trend continues in the days to come for the benefit and progress of our church.

Indeed, many milestones were achieved during 2010. "Good Friday Service" and "AGAPE 2010" were shining examples of our unity. We have been able to accord a hearty welcome and reception to our newly appointed Patriarchal Vicar HG Pathros Mor Osthatheos Metropolitan. With your increased participation in the charity auction, we have been able to undertake additional charity projects to help the needy and less-fortunate compatriots during the year, apart from our normal annual budgetary provision for charity.

Dear Members, do not rest yet. There are still opportunities for improvement in our church. We need to have a place of our own to worship our Lord. We need to outreach our helping hands further to the needy and helpless people. Our ministry and commitment to our Lord and to our Church must continue unhindered. Every improvement you make means that you will better serve our Lord.

We know your work and solidarity will continue. You will meet the new and resourceful managing committee very soon. Please extend your fullest co-operation to them in carrying out their responsibility successfully.

As we bid farewell, we bow our heads in gratitude to the Almighty God, to our Vicar Rev. Fr. Thomas Nediyapalackal and to all members of our Church.

May your world be filled with peace, love, joy and understanding at all times.

**Paul Varghese**
Secretary
On behalf of the Managing Committee 2010

# പുതുവത്സരം



പുതുവത്സരം വരവായി! പുത്തൻ പ്രതീക്ഷകളും പുതുക്കിയ തീരുമാനങ്ങളുമായി നമുക്ക് നവവത്സരത്തിലെ ജനുവരി 1 ലേയ്ക്ക് പ്രവേശിക്കാം. ജനുവരി എന്ന വാക്ക് ജാനുസ് (ലാനുയാരിയസ്) എന്ന റോമൻ ദേവന്റെ പേരിൽ നിന്നാണല്ലോ ഉൽഭവിച്ചിട്ടുള്ളത്. ഈ ദേവന്റെ പ്രത്യേകത രണ്ടുമുഖങ്ങളുണ്ട് എന്നതാണ്. ഒന്നു മുന്നിലേക്കും മറ്റൊന്നു പുറകിലേക്കും. അതുകൊണ്ടു തന്നെ രണ്ടു കണ്ണുകൾ മുന്നിലേക്കും രണ്ടു കണ്ണുകൾ പിന്നിലേക്കും ദൃഷ്ടിയുറപ്പിച്ചിരിക്കും. അതുകൊണ്ട് മുന്നിലുള്ളതും പുറകിലുള്ളതും വ്യക്തമായി കാണാം.

അതുപോലെ പുതുവത്സരത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ ഭൂതകാലാനുഭങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടു വേണം നാം ജീവിതം നയിക്കേണ്ടത്. പുറകിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ ചിലർക്ക് ആഹ്ളാദത്തിന്റെയും സംതൃപ്തിയുടെയും സ്മരണകളായിരിക്കും, മററു ചിലർക്ക് പരാജയത്തിന്റെയും ദു:ഖത്തിന്റെയും കയ്പേറിയ അനുഭവങ്ങളായിരിക്കും. അതുകൊണ്ട് ദൈവവചനം പറയുന്നു;

"മുമ്പുള്ളവയെ നീ ഓർക്കേണ്ട. പണ്ടുള്ളവയെ നിരൂപിക്കുകയും വേണ്ടാ. ഇതാ ഞാൻ പുതിയതൊന്നു ചെയ്യുന്നു" (ഏശായ 43: 18, 19)

ഒരു പുതുക്കത്തിന്റെയും പ്രത്യാശയുടെയും നവമായ ജീവിതം ദൈവം നമുക്ക് ഈ പുതുവത്സരത്തിൽ വാഗ്ദാനം ചെയ്യുന്നു.

ഭൂതകാലം അയവിറക്കുമ്പോൾ ആഹ്ളാദത്തിന്റെയും സംതൃപ്തിയുടെയും സ്മരണകളായിരിക്കും ചിലർക്ക് ഉണ്ടാവുക. ജീവിതത്തിൽ കൈവരിച്ച നേട്ടങ്ങളും, വിജയങ്ങളും സന്തോഷകരമായ അനുഭവങ്ങളാണല്ലോ. അങ്ങിനെയുള്ളവർ നേട്ടങ്ങളിൽ അഹങ്കരിക്കാതെ ദൈവം നൽകിയ നന്മകളിലും പരിപാലനത്തിലും ദൈവത്തെ നന്ദിയോടെ സ്മരിക്കുകയാണ് വേണ്ടത് "എൻ മനമെ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്" (സങ്കീ. 103: 2) "യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന്നു എന്തു പകരം കൊടുക്കും" (സങ്കീ. 116: 12)

ദുർദിവസങ്ങൾ എപ്പോൾ നമ്മുടെ ജീവിതത്തിൽ വന്നുകൂടും എന്നു പറയാനാകില്ലല്ലൊ. ഇയ്യോബിന്റെ കഥ നമുക്കറിയാമല്ലൊ! "നിങ്ങൾ മുടിഞ്ഞു പോകാതിരിക്കുന്നത് ദൈവത്തിന്റെ ദയ ആകുന്നു. അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലൊ" (വിലാപങ്ങൾ 3: 22)

ചിലർക്ക് ജീവിതത്തിലെ കയ്പേറിയ അനുഭവങ്ങളുടെ സ്മരണകളാൽ പ്രതീക്ഷകൾ നഷ്ടപ്പെട്ട അവസ്ഥയായിരിക്കാം. discoveries of peaceful living എന്ന പുസ്തകത്തിൽ ആർനോൾഡ് എന്ന ഇലക്ട്രോണിക്സ് കമ്പനി മാനേജരുടെ അനുഭവം വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ കമ്പനി ഒരിക്കൽ സ്ഥിരമായ ബിസ്സിനസ്സ് തകർച്ചയിലൂടെ കടന്നു പോയി. അദ്ദേഹത്തിനു ചിന്തിക്കുമ്പോൾ തലയ്ക്ക് മരവിപ്പ്, രക്തസമ്മർദ്ദം കൂടി. ജലദോഷം, ദേഹവേദന തുടങ്ങിയ ശാരീരിക അസ്വസ്ഥതകൾ വന്നും പോയും ഇരുന്നു. അദ്ദേഹം ഒരിക്കൽ ചിന്തിച്ചു. എന്തുകൊണ്ട് തന്റെ ജീവിതത്തിൽ ഇങ്ങനെ സ്ഥിരമായി തകർച്ചകൾ സംഭവിക്കുന്നു. അവിചാരിതമായി ബൈബിൾ കണ്ണിൽപ്പെട്ടു, വെറുതെ മറിച്ചുനോക്കി, കിട്ടിയത് റോമർ 12: 2 "ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും, പ്രസാദവും, പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ". അദ്ദേഹത്തിന്റെ ഹൃദയത്തെ ഈ വാക്യം കാര്യമായി സ്പർശിച്ചു, മനസ്സു തുറന്നു പ്രാർത്ഥിച്ചു, സകല അസ്വസ്ഥകളും മാറി. ജീവിതത്തിൽ പുതിയൊരു പ്രകാശം വന്നതുപോലെ അദ്ദേഹം സ്പർശിക്കുന്ന സകലതും അടിക്കടി ലാഭത്തിലായി. "യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും, അവർ കഴുകന്മാരെപോലെ ചിറകടിച്ചുയരും, അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും" (യെശ്ശ. 40: 31)

ചിലർ ഭൂതകാലത്തിലെ പാപഭാരങ്ങൾ വർത്തമാനകാലത്തിലും പേറിനടക്കുന്നവരാണ്. ചെയ്തുപോയ പാപങ്ങളെയും തെററുകളെയും ഓർത്തു നീറി കഴിയുമ്പോൾ ജീവിതത്തിന്റെ ക്രിയാത്മകത നഷ്ടപ്പെടുന്നു. ഉൾതാപമുണ്ടായ പാപങ്ങൾ ഏററുപറയുകയും ഏററുപറഞ്ഞവയിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് കുററബോധത്തെ മനസ്സിന്റെ ചവററുകുട്ടയിൽ നിക്ഷേപിക്കുകയും ചെയ്യണം. അതുകൊണ്ടാണല്ലൊ വി. കുർബ്ബാനയിൽ പാപബോധത്തെ ഞങ്ങളിൽ നിന്നും നീക്കേണമെ' എന്നു പ്രാർത്ഥിക്കുന്നത്. തെററു ചെയ്യുക എന്നത് മാനുഷികമാണ് എന്നാൽ അതിൽ തന്നെ നിലനിൽക്കുന്നത് പൈശാചികവും.

ഒരിക്കൽ ഒരു ധനാഢ്യയായ സ്ത്രീ തന്റെ വീടിന്റെ ഇന്റേർണൽ ഡെക്കറേഷനു പററിയ ഒരാളെ അന്വേഷിക്കുകയായിരുന്നു. എത്ര കഴിവുള്ളവർ വന്നാലും ആ സ്ത്രീയ്ക്കു തൃപ്തി വരികയില്ല. ഒരിക്കൽ ഒരു വിദഗ്ദൻ ഈ ജോലിവിവരം അറിഞ്ഞ് ഈ സ്ത്രീയെ സമീപിച്ചു . എത്ര പ്രസിദ്ധിയായവർ വന്നാലും അടുപ്പിക്കാത്ത ഈ സ്ത്രീ ചോദിച്ചു "മുമ്പു തെററു പററിയിട്ടുണ്ടോ?" "ഉവ്വ്" എന്നായിരുന്നു മറുപടി. ഉടനെ ആ സ്ത്രീ പറഞ്ഞു മുമ്പു വന്നുപോയ തെററുകളിൽ നിന്നു പഠിക്കാത്തവരെക്കൊണ്ട് ഈ ജോലി ചെയ്യിച്ച് ഞാനൊരു വിഡ്ഢിയാകാൻ ആഗ്രഹിക്കുന്നില്ല. അറിഞ്ഞൊ അറിയാതെയൊ വന്നുകൂടുന്ന തെററുകളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് ഇന്നിനെയും നാളെയെയും കൂടുതൽ അനുഗ്രഹീതമാക്കുവാൻ നമുക്ക് കഴിയണം.

ജീവിതത്തിൽ പൊടുന്നനെ, അവിചാരിതമായി നഷ്ടങ്ങളും ദുരന്തങ്ങളും ഉണ്ടാകുമ്പോൾ പകച്ചു പോവുക സ്വാഭാവികാമാണ്, എന്നാൽ അവയിൽത്തന്നെ മനസ്സു കേന്ദ്രീകരിച്ച് ചിന്തകളുടെ കൊക്കൂണിന്റെ സുഷുപ്തിയിലിരിക്കാതെ ദൈവാശ്രയത്തോടെ അവയെ അതിജീവിക്കുവാൻ നമുക്കു കഴിയണം. പ്രസ്സിദ്ധനായ എഡിസന്റെ ജീവിതത്തിലെ പ്രതികരണം ഇവിടെ സ്മരണീയമാണ്. ഒരിക്കൽ അദ്ദേഹത്തിന്റെ ദീർഘകാലത്തെ ഗവേഷണങ്ങളുടെ ഫലമായ പല കണ്ടുപിടിത്തങ്ങളും ചില ഉപകരണങ്ങളും തീക്കിരയായി. ആ കാലത്തെ മൂല്ല്യമനുസ്സരിച്ച് ഏകദേശം ഇരുപതു ലക്ഷം ഡോളറിന്റെ നഷ്ടം!!! ഇതറിഞ്ഞ് ആശ്വസിപ്പിക്കാനെത്തിയ മകനോട് അദ്ദേഹം ശാന്തനായി പറഞ്ഞു അമ്മയെ കൊണ്ടുവരിക, ഇത്പോലുള്ള കാഴ്ച്ച ഒരുപക്ഷെ ഇനി ഉണ്ടാവുകയില്ല. ദുരന്തങ്ങൾക്ക് വലിയ വിലയുണ്ട് എല്ലാ തെററായ ചിന്തകളും കത്തിപ്പോയി, ദൈവത്തിന് നന്ദി. ദുരന്തങ്ങളും കയ്പ്പേറിയ അനുഭവങ്ങളും എല്ലാം ദൈവം ദൈവമക്കൾക്ക് നന്മയ്ക്കായി കരുതുന്നു എന്നു മനസ്സിലാക്കുവാൻ കഴിയണം.

ഇവിടെയാണ് ദൈവത്തിന്റെ വാഗ്ദാനത്തിന്റെ പ്രസക്തി. മുമ്പുള്ളവയെ നീ ഓർക്കേണ്ട, പണ്ടുള്ളവയെ നിരൂപിക്കുകയും വേണ്ട. ഇതാ ഞാൻ പുതുതൊന്നു ചെയ്യുന്നു മുൻ കാലങ്ങളിലെ വിജയം, നേട്ടങ്ങൾ, സന്തോഷങ്ങൾ എന്നിവയിൽ അഹങ്കരിക്കാതെ ദൈവത്തിനു നന്ദി പറയാം. അതുപോലെ തന്നെ ദു:ഖകരമായ അനുഭവങ്ങൾ, പരാജയം, ജീവിതത്തിന്റെ ക്രിയാത്മകതയെ നശിപ്പിക്കുന്ന നിഷേധാത്മകമായ ചിന്തകൾ, അപമാനം എന്നിവയെ മനസ്സിന്റെ ചവററുകൊട്ടയിൽ നിക്ഷേപിച്ച് ദൈവത്തിന്റെ വാഗ്ദാനത്തിൽ അടിയുറച്ചു വിശ്വസിച്ചു മുന്നോട്ടു പോകാം. നിങ്ങൾക്കു കഴിയുന്നതു ചെയ്തു, ചില വിഡ്ഢിത്തങ്ങളും പ്രമാദങ്ങളും നിങ്ങളുടെ പ്രവർത്തങ്ങളിൽ വന്നു കൂടിയിരിക്കാം. കഴിയുന്നത്ര വേഗം മറക്കുക. നാളത്തെ ദിവസം ഒരു പുതിയ ദിവസം അതു നന്നായി ആരംഭിക്കുക (എമേഴ്സൻ)

**എല്ലാവർക്കും സന്തോഷകരവും, പ്രത്യാശാനിർഭരവുമായ പുതുവത്സരാംശകൾ!**

*ക്രിസ്തുവിൽ നിങ്ങളുടെ ഫാ. തോമസ് നെടിയപാലയ്ക്കൽ*



# THE GREAT MARTYDOM IN THE HOLY OCCASION
# (ST.MATHEW CHAPTER -2)

*Milan Mani Mathew*

When I was reading the Gospel according to St . Mathew chapter -2 , I heard a weeping sound. I would like to share my feelings with you in my limited knowledge.

As we all know Jesus was born to Mother Mary by the Holy Sprit around 2000 years before in Bethlehem , and the God's promised king- Jesus was born in a stable .A great crowd of angles sang praises to God. " Glory to God in Heaven and peace to all who love Him on earth."

Three wise men from the East who were studying stars came to the town. They asked " Where we can find the baby who is born to be the king of Jews ? We have seen his stars and come to worship him. Soon the whole town was discussing about the wise men and their strange questions.
The Romans' king Herod was upset when he heard about the birth of the child. He called together all the chief priests and teachers of God's Law. " When the savior comes where will He be born ? " Herod asked. " In Bethlehem " they answered . The king met the three wise men to find out when they saw the star.
" Go and look for the child in Bethlehem and when you find him let me know, so that I can come and pay Him homage too." He told them.
The three men from East followed the star and reached Bethlehem and worshiped Jesus and presented him Gold, Myrrh, and Frankincense.
God warned them in a dream not to go back to king Herod. So they returned home by another road. After they had gone an angel came to Joseph in a dream and told " It is not safe for you here. King Herod is looking for the child to kill him, so go to Egypt with Mary and child ." So Joseph took them Egypt.
Herod was angry when he realized how the wise men had tricked him. He wanted to make sure that the Baby King didn't grow up. So he sent soldiers to Bethlehem and to the neighbourhoods places to kill the boys under two years of age.
" A sound is heard from Ramah the sound of bitter weeping. Rachel is crying for her children. None of from Bethlehem could ever forget that terrible day. Many innocent smiling, cute chubby children those were toddling , crawling, creeping , sleeping in cradles and in their mothers " lap and playing with their brothers and sisters were dragged and brutally killed. I can't even imagine that situation. They were the first martyrs for the salvation of humans. When we are celebrating Christmas just think of that kids who lost their life for Jesus Christ.

**The Martyrs of that Great Christmas Day.**

# പരി. പൗലോസ് മാർ അത്താനാസിയോസ് വലിയ തിരുമേനി
## (ആലുവ)

ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പരി. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് വിശുദ്ധനായി പ്രഖ്യാപിച്ച പരി. പൗലോസ് മാർ അത്താനാസിയോസ് വലിയ തിരുമേനിയുടെ (ആലുവ) മെത്രാഭിഷേക ശദാബ്ദി മലങ്കരസഭ അതിവിപുലമായി ആഘോഷിച്ച ഈ കാലയളവിൽ, ആ ചരിത്രപുരുഷന്റെ ദൈവാർപ്പിതമായ ജീവിതത്തെക്കുറിച്ച് സ്മരിക്കുന്നത് പരി. പിതാവിന്റെ മക്കളായ നമ്മുടെ കടമയാണ്! അത് തികച്ചും അനുഗ്രഹപ്രദമായിരിക്കും.

എല്ലാ വർഷവും ജനുവരി 26 ന് നമ്മുടെ പള്ളിയിലും പരി. പിതാവിന്റെ ഓർമ്മ സമുചിതമായി കൊണ്ടാടുവാൻ തുടങ്ങിയിട്ട് അനേകവർഷങ്ങളായല്ലോ! അത് തികച്ചും അനുഗ്രഹപ്രദമായി കരുതി എല്ലാവരും സഹകരിച്ചുപോരുന്നു. എന്നാൽ ഇളംതലമുറയിൽപ്പെട്ടവർക്ക് പരി. പിതാവിനെക്കുറിച്ച് കൂടുതൽ അറിവുണ്ടോ? ആ അറിവുകൾ അവർക്ക് പകർന്നു കൊടുക്കേണ്ടത് നമ്മുടെ കടമയല്ലേ?

1869 ജനുവരി 23 ന് സുറിയാനിസഭയിലെ അതിപുരാതന ഇടവകയായ അകപ്പറമ്പ് മാർ ശാബോർ മാർ അഫ്രോത്ത് പള്ളിയിൽപ്പെട്ട കുലീനവും ശ്രേഷ്ഠവുമായ പൈനാടത്ത് (കുററിക്കാട്ടിൽ) മത്തായി, കുഞ്ഞന്ന ദമ്പതികളുടെ മകനായി ജനിച്ചു. കൊച്ചു പൗലോ എന്ന പേരിലാണ് ബാല്യത്തിൽ അറിയപ്പെട്ടത്.

അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായിരുന്ന അഭി. അമ്പാട്ട് മാർ കൂറിലോസ് തിരുമേനിയിൽ നിന്നും തന്റെ പത്താമത്തെ വയസ്സിൽ കോറൂയോ പട്ടം സ്വീകരിച്ചു, തികഞ്ഞ ദൈവാശ്രയത്തിൽ വളർന്നു വന്ന ശെമ്മാശ്ശൻ കറതീർന്ന അന്ത്യോഖ്യാ ഭക്തനായിരുന്നു.

മഹാപരിശ്ശുദ്ധനായ പരുമല തിരുമേനിയിൽ നിന്നും കശ്ശീശാ പട്ടവും, തുടർന്ന് റമ്പാൻ പട്ടവും സ്വീകരിച്ച് പരി. പിതാവിന്റെ ശിഷ്യത്വം സ്വീകരിച്ച് പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവയും, പരി. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള കൂറും, വിധേയത്വവും, ഭക്തിയും, കേട്ടും, കണ്ടും പഠിക്കുകയും അത് തന്റെ ജീവിതത്തിലേക്ക് പകർത്തുകയും ചെയ്തു.

പരുമല സെമിനാരിയുടെ പണി പൂർത്തീകരണത്തിന്റെ ചുമതല, പരി. പരുമല തിരുമേനി ഏൽപ്പിച്ചത് തന്റെ ഏററവും വത്സലശിഷ്യനായ, പൗലോസ് റമ്പാച്ചനെ മാത്രമായിരുന്നു. സെമിനാരിയുടെ പണി പൂർത്തിയായപ്പോൾ തിരികെ അങ്കമാലിയിൽ വരികയും ആലുവ തൃക്കുന്നത്ത് സെമിനാരിയുടെ പണി പൂർത്തീമരണത്തിൽ വ്യാപൃതനാവുകയും ചെയ്തു.

ഇക്കാലഘട്ടത്തിലാണ് പരി. അബ്ദുള്ള പാത്രിയർക്കീസ് ബാവായുടെ മലങ്കര സന്ദർശനം. 1910 ജൂൺ 9 ന് തന്റെ മാതൃ ഇടവകയായ അകപ്പറമ്പ് പള്ളിയിൽ വച്ച് പരി. ബാവാ മാർ

അത്താനാസിയോസ് വലിയ തിരുമേനിയുടെ കണ്ണുനീരോടെയുള്ള പ്രാർത്ഥന കണ്ടു നിൽക്കുന്നവരുടെ പോലും കരളലിയിക്കുമെന്ന് പരി. തിരുമേനിയുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള ആരാധനകളിൽ സംബന്ധിക്കുവാൻ ഭാഗ്യം ലഭിച്ചിട്ടുള്ളവരിൽ നിന്നും നേരിട്ട് കേട്ടിട്ടുണ്ട്.

പിറവം പള്ളിയിൽ വച്ച് പരി. വലിയ തിരുമേനിയാണ് ഇന്ന് മലങ്കരയിൽ ആകമാനം പടർന്നു പന്തലിച്ചു നിൽക്കുന്ന sunday school പ്രസ്ഥാനത്തിന് രൂപം കൊടുത്തത്. അതുപോലെ മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെയും സ്ഥാപകൻ പരി. വലിയ തിരുമേനി തന്നെയാണ്. അങ്കമാലി ഭദ്രാസനത്തിൽപ്പെട്ട ചെറുതോട്ടുകുന്നേൽ പള്ളിയിൽ വച്ച് തന്റെ ശിഷ്യനായ കിരംകുഴിയിൽ ഗീവർഗ്ഗീസ് കത്തനാരുടെ സഹകരണത്തോടെ 1922 ലാണ് രൂപ കൊടുത്തത്.

പരി. തിരുമേനിയുടെ ജീവിതവും സഭാഭരണവും വളരെ ക്ളേശകരമായിരുന്നു. പരി. അന്ത്യോഖ്യാ സിംഹാസന വിരുദ്ധരുടെ ഉപദ്രവവും, കേസും മൂലം ആ സന്യാസിവര്യനായ തിരുമേനി ഏറെ ദു;ഖിതനായിരുന്നു. കാറും കോളും നിറഞ്ഞ മലങ്കരസഭ അക്കാലത്ത് തകരാതെ നിന്നത് വടക്ക് പരി. വലിയ തിരുമേനിയുടെയും തെക്ക് അഭി. മീഖായേൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെയും പ്രാർത്ഥനാപൂർണ്ണമായ നേതൃത്വംകൊണ്ടു മാത്രമാണ്. ജീവിച്ചിരുന്നപ്പോൾത്തന്നെ ഒരു വിശുദ്ധനായി സഭാമക്കൾ അംഗീകരിച്ചിരുന്ന വലിയ തിരുമേനിയെ ആലുവായിലെ മുനിശ്രേഷ്ഠൻ എന്ന് അക്രൈസ്തവരും വിശേഷിപ്പിച്ചിരുന്നു.

തന്റെ മക്കൾ തികഞ്ഞ പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവയെ ആയുധമായി പിടിച്ചുകൊണ്ട് തങ്ങളുടെ വൈരിയായ സാത്താനോട് പോരാടി അവനെ നശിപ്പിക്കണമെന്ന ഉപദേശം തന്റെ ചുണ്ടിൽ എന്നും ഉണ്ടായിരുന്നുവെന്ന് പരി. പിതാവിന്റെ അവസാനകാല ശിഷ്യന്മാരിൽ ഒരാളായിരുന്ന ദിവംഗതനായ കൂളിയാട്ട് പളത്തുള്ളിൽ ഏബ്രഹാം കോർ എപ്പിസ്കോപ്പയിൽ നിന്നും ഈയുള്ളവൻ നേരിട്ട് കേട്ടിട്ടുണ്ട്.

ഒരു പ്രാവശ്യം തിരുമേനിയുടെ ആരാധനയിൽ സംബന്ധിക്കുകയൊ, പരി. പിതാവിനോട് സംസാരിക്കുകയൊ ചെയ്തിട്ടള്ളുള്ളവർക്ക് ഒരിക്കലും അദ്ദേഹത്തെ മറക്കാൻ കഴിയില്ല. അതാണല്ലൊ പരി. അപ്രേം പാത്രിയർക്കീസ് ബാവ കൽപ്പിച്ചത് .. മാർ അത്താനാസിയോസ് അന്ത്യോഖ്യായിലേയ്ക്ക് വരികയാണെങ്കിൽ നമ്മുടെ സ്വത്തിന്റെ പകുതിയും അദ്ദേഹത്തിന് കൊടുക്കാൻ തയ്യാറാണ്... എന്ന്.

ഇന്ന് നാടിന്റെ നാനാ ഭാഗത്തും പരി. പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് അനുഗ്രഹം പ്രാപിക്കുന്നവർ അനേകരാണ് 1953 ജനുവരി ഇരുപത്തി അഞ്ചാം തീയതി കാലം ചെയ്ത് 26 ന് കബറടക്കപ്പെട്ട് പരിശുദ്ധമായ ആലുവ തൃക്കുന്നത്ത് സെമിനാരി അതെ, അന്ത്യോഖ്യാസിംഹാസനത്തിന്റെ മാത്രം സ്വത്ത് ആണ്, ഇന്ന് അത് ചിതലരിച്ച് നശിക്കുന്നു... കാണുമ്പോൾ, ഓർക്കുമ്പോൾ ചങ്കു തകരുന്നു, കൈവശക്കാരായ കപടവേഷധാരികൾ ഇതിന് ദൈവസന്നിധിയിൽ കണക്ക് പറയേണ്ടിവരും, തീർച്ച.

നമ്മുടെ ശ്രേഷ്ഠകാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ അഭി. തിരുമേനിമാരും, വൈദികരും, അന്ത്യോഖ്യാഭക്തരായ സഭാമക്കളും ചേർന്ന് നടത്തിയ പ്രാർത്ഥനാപൂർണ്ണമായ സമരത്തിന്റെ ഫലമായി, ഏതാനും വർഷങ്ങളായി പരി. പിതാവിന്റെ ഓർമ്മദിവസമെങ്കിലും കബറിടത്തിൽ ധൂപാർപ്പണം സടത്താൻ സാധിക്കുന്നു. അതു പോരാ, അത് നമ്മുടെ സ്വത്താണ്, പരി. വലിയ തിരുമേനിയുടെയും മക്കളായ നമ്മുടെയും മാത്രം സ്വത്ത്. അത് പൂർണ്ണമായും നമുക്ക് ലഭിക്കും സത്യം. അതിനായി നമുക്ക് കർത്താവിനോട് പ്രാർത്ഥിക്കാം. നമ്മുടെ പ്രാർത്ഥന തിരുസന്നിധിയിലെത്താൻ പരി. പരുമല തിരുമേനിയുടെയും, പരി. വലിയ തിരുമേനിയുടെയും മദ്ധ്യസ്ഥതയിൽ നമുക്ക് അഭയപ്പെടാം.

എം. കെ. പൗലോസ്

## NEW ARRIVALS

Baby Boy Joy to Mrs. Tinu Biju & Mr. Bijumon Alex (14.12.2010)

Baby Girl Joy to Mr. Shaji George & Mrs. Seema Shaji (22.12.2010)

*Congratulations!!!!*





# <u>Christmas Tree Competition</u>

Christmas tree competition organized by the Youth Association was a great success. Congratulations to all behind this. Some screenshots are below:-



Tree with a difference




First Prize




Second Prize



## Farewell to Mr. George C.C. & Mrs. Rachel George

Altar Assistant Mr. George C.C. left Bahrain on 26th December. May God blessed him with good health and prosperity.





## 2010 Managing Committee members with Patriarchal Vicar



## ക്വിസ്സ് നമ്പർ 10 ഉത്തരങ്ങൾ (ഉൽപ്പത്തി 30 - 50)

| | | |
|---|---|---|
| 1. | 30 | വയസ്സ് |
| 2. | 12 | ഗോത്രം |
| 3. | 70 | പേർ |
| 4. | 400 | ആളുകൾ |
| 5. | 20 | വെള്ളിക്കാശ് |
| 6. | 3 | ദിവസം |
| 7. | 110 | സംവൽസരം |
| 8. | 300 | വെള്ളിക്കാശ് |
| 9. | 17 | സംവൽസരം |
| 10. | 100 | വെള്ളിക്കാശ് |
| 11. | 7 | ദിവസം |
| 12. | 180 | സംവൽസരം |
| 13. | 10 | പ്രാവശ്യം |
| 14. | 147 | സംവൽസരം |
| 15. | 40 | ദിവസം |

## ക്വിസ്സ് നംമ്പർ - 10 വിജയികൾ

Aleyamma Thomas
Anitha Vrghese
Biju Thelappilly Jacob
Bisy Eby
Blessy Prageesh
Jeeba Shaj
Joji susan mani
Mercy Abraham
Moly Baby
Reji Soloman

Rejina Joseph
Shaiby Baby
Sheela Manoj
Shelby Jacob
Sony Roy
Zibi Benny

അഭിനന്ദനങ്ങൾ!!!
Usha Achenkunju



Name: ***Prathap Eapen Kollettu, E 039***

***Tel.: 39439728***

Wife: ***Mrs. Sabitha Prathap***

<u>Address:</u>

In Bahrain: P.O. Box 430, Jawad Business Group
Flat 2, Bldg 545, Rd. 513, Manama 305

In India: Kollettu House, Pangada P.O., Pampady, Kottayam

Tel.: 0091-481-2507757



Name: ***Dr. Manoj K. Poovelil, M 032***

***Tel.: 36427857***

Wife: ***Mrs. Philo Manoj***

<u>Address:</u>

In Bahrain: P.O. Box 1, American Mission Hospital
Villa 304, Ferrari Centre, Adliya

In India: Poovelil House, Kinginimattom P.O., Kolencherry

Tel.: 0091-484-2760223


2011 MANAGING COMMITTEE MEMBERS



President
Rev. Fr. Thomas N.



Vice President - Shaj Babu



Secretary - Jaison K.



Treasurer - Ligi T.K.

Committee Members



Prageesh J. T.



Saji Mathai

Joint Secretary – Prince P. Thomas



Ex-Officio – Paul Varghese




Alias K. Jacob

Auditor – George Thomas

Auditor

Librarian – Gijomon Mathew

# Are You Bible Literate? - Bible Crossword #1 (January 2011)



Leela Alexander

**ACROSS**

**3** Who made the wedding feast before giving the wrong bride to Jacob?
**5** Who was the only disciple that we know for sure was married?
**7** Who was thrown into prison for criticizing the marriage of a king?
**9** Which of Elkanah's wiives was his favourite?
**12** Who wanted to quietly break off his engagement?
**13** Where was the wedding at which Jesus changed water into wine?
**14** Which king divorced his first wife to marry his brother's wife?
**15** Which emperor married a jewish girl?

**DOWN**


**1** Who made a seven day marriage feast but never married the woman he intended?
**2** Who was Mose's first wife?
**4** In Jesus' parable how many virgins were to accompany the bride and the groom?
**6** Who was married to Zebedee, father of James and John?
**8** Which leprous syrian soldier had a faithful wife?
**10** Which Egyptian woman did Joseph marry?
**11** Who arranged Ishmael's marriage?

This is the first in the series of Bible crossword puzzles for 2011. All the clues are about **Weddings mentioned in the Bible**. Solve the crossword. A few references are given. Use them if necessary. Please use King James version of the Bible. Deposit your answers in the box near the door to the church as soon as possible, within 7 days after the release of the newsletter.

This contest is open to all; Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is ocalexleela@gmail.com

Useful references: **Genesis 29, Mark 1, Matthew 14, 1Samuel 1, Matthew 1, John 2, Matthew 14, Esther 2, Judges 14, Exodus 2, Matthew 25, Mark 16 and Matthew 27, 2Kings 5, Genesis 41, Genesis 21.**

**Answers to Bible crossword #9**




**Winners of Bible Crossword # 9 (Nov. 2010)**

Abram Biji
Acsah Elezabeth Abraham
Akhil Basil Paulose
Alan Abraham
Angel Joshua
Anju Paulose
Ann B Abraham
Ann Jeepa Shaj
Ashik James
Ashley Shaju
Aswin Kurian Abraham

Christin Paul
Christy Mary Thomas
Elaine Ajith
Elna Achu James
Elsa Maria Thomas
Flemy P Eby
George K Laji
Jackson Jerom James
Johann Agith
Joseph Sabu

Kamal Baby Paul
Linu Varghese
Mahal Mani Ulahannan
Manuvel Benny
Mathew Roy
Merin Mary Basil
Merlin Mary Basil
Milan Mani Mathew
Ria Mariam
Ron Joseph
Samuel Benny

Sara Laji
Sharon Paul
Sherin Susan Isaac
Sneha Elsa Kuruvilla
Sofia Paul
Thomas Sabu
Vivek Solomon

*Congratulations*

*Leela Alexander*






**Deo Saji**
**3rd Happy Birthday**
**28.01.2011**



**Steve Biju Pramadathil**
**1st Happy Birthday**
**10.01.2011**

